## കേരള സർക്കാർ

### സംഗ്രഹം

പൊതു വിദ്യാഭ്യാസം - രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ എം. എസ്. എ.) പദ്ധതി പ്രകാരം (2010-11 മുതൽ ഹൈസ്കൂളുകളാക്കി ഉയർത്തിയ സ്കൂളുകൾ ആർ.എം.എസ്.എ. സഹായമുള്ള സർക്കാർ സ്കൂളുകളായി പുന:നാമകരണം ചെയ്ത് അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സമാനരീതിയിൽ സൃഷ്ടിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ (എം.എസ്) നം. 173 /2016/പൊ.വി.വ   തീയതി, തിരുവനന്തപുരം 07/10/2016

---

പരാമർശം:
1) 18/11/2000 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 238/10/പൊ.വി.വ.
2) 19/05/2011 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം 114/2011 പൊ.വി.വ
3) 03/05/2013 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം 156/2013 പൊ.വി.വ
4) 29/09/2012 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം 309/2012 പൊ.വി.വ
5) 06/12/2013 ലെ സർക്കാർ ഉത്തരവ് (കൈ) നം 317/2013. പൊ. വി.വ
6) 11/07/2013 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം 210/2013 പൊ.വി.വ
7) 22/05/2015 ലെ സർക്കാർ ഉത്തരവ് (കൈ) നം 131/2015 പൊ.വി.വ
8) 07/09/2013 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം 249/2013 പൊ.വി.വ
9) 02/07/2015 ലെ സർക്കാർ ഉത്തരവ് (കൈ) നം 175/2015 പൊ.വി.വ
10) 27/04/2016 ലെ സർക്കാർ ഉത്തരവ് (കൈ) നം 79/2016 പൊ.വി.വ
11) 03/10/2015 ലെ സർക്കാർ ഉത്തരവ് (കൈ) നം 264/2015 പൊ.വി.വ

### ഉത്തരവ്

രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാഅഭിയാൻ (R.M.S.A) സെക്കന്ററി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ദേശീയ തലത്തിൽ 9 - ാം ക്ലാസ്സ് മുതലാണ് സെക്കന്ററി വിദ്യാഭ്യാസം ആരംഭിക്കുന്ന ഘട്ടം എന്നതിനാൽ 9 മുതൽ 12 വരെ ക്ലാസ്സുകളാണ് R.M.S.A പദ്ധതിയിൽ വരുന്നത്. സ്കൂൾ ലൈബ്രറി, ലബോറട്ടറി എന്നിവ അഭിവൃത്തിപ്പെടുത്തൽ, അദ്ധ്യാപക പരിശീലനം, സെക്കന്ററി വിദ്യാഭ്യാസ സൗകര്യങ്ങൾ കുറവായ പ്രദേശങ്ങളിൽ സർക്കാർ പ്രൈമറി സ്കൂളുകൾ ഉയർത്തൽ , ആവശ്യമെങ്കിൽ പുതുതായി സ്ഥാപിക്കൽ എന്നിവയൊക്കെ ഈ പദ്ധതിയുടെ ഭാഗമാണ്. 2009 -10 സാമ്പത്തിക വർഷം മുതലാണ് R.M.S.A പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയത്. ഈ പദ്ധതി പ്രകാരം 75:25 എന്ന ക്രമത്തിൽ അനുവദിച്ചിരുന്ന സാമ്പത്തിക സഹായം നിലവിൽ 60:40 എന്ന തോതിലാണ് നടന്നുവരുന്നത്. സർക്കാർ വിദ്യാലയങ്ങളെ മാത്രമാണ് R.M.S.A പദ്ധതിയിൽ പരിഗണിക്കുന്നത്.

പരാമർശം (1) ലെ ഉത്തരവ് പ്രകാരം 2009 -10 അദ്ധ്യയന വർഷത്തിൽ 60 പ്രൈമറി സ്കൂളുകളെ R.M.S.A പദ്ധതിയിലുൾപ്പെടുത്തി ഹൈസ്കൂളുകളായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത സ്കൂളിലേക്കാവശ്യമായ തസ്തികകൾ സൃഷ്ടിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (3) ലെ ഉത്തരവ് പ്രകാരം 2010 -11 അദ്ധ്യയന വർഷം ഹൈസ്കൂൾ വിഭാഗം ആരംഭിച്ച സ്കൂളുകളിലേക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകിയിരുന്നു. പരാമർശം (4) ലെ ഉത്തരവു പ്രകാരം 2010-11 അദ്ധ്യയന വർഷം കേന്ദ്ര

സർക്കാരിന്റെ അംഗീകാരം ലഭിച്ച 35 യു.പി.സ്കൂളുകളെ ഹൈസ്കൂളാക്കി ഉയർത്താനും യു.പി.സ്കൂൾ ഇല്ലാത്ത കാസർഗോഡ് ജില്ലയിലെ കുറ്റിക്കോലിൽ ഹൈസ്കൂൾ വിഭാഗം തുടങ്ങുവാനും അനുമതി നൽകിയിരുന്നു. പരാമർശം (5) പ്രകാരം മേൽ സ്കൂളുകളിലേക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കാനും അനുമതി നൽകിയിരുന്നു. പരാമർശം (6) പ്രകാരം കേന്ദ്ര മാനവ വികസന മന്ത്രാലയത്തിന്റെ പദ്ധതിയിൽ 2011-12 അദ്ധ്യായനവർഷം അംഗീകാരം ലഭിച്ച 16 യു.പി. സ്കൂളുകളെ ഹൈസ്കൂളുകളാക്കി ഉയർത്തുന്നതിന് അനുമതി നൽകിയിരുന്നു. തുടർന്ന് ടി സ്കൂളുകളിലേക്കാവശ്യമായ തസ്തികകൾ സൃഷ്ടിച്ച് പരാമർശം (7) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (8) ലെ ഉത്തരവ് പ്രകാരം R.M.S.A പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭിക്കാത്ത 30 സ്കൂളുകളിൽ സംസ്ഥാന സർക്കാർ ചെലവിൽ 8-ാംക്ലാസ്സ് അനുവദിക്കുന്നതിന് അനുമതി നൽകയിരുന്നു. തുടർന്ന് പരാമർഷം (11) ലെ ഉത്തരവു പ്രകാരം ടി സ്കൂളിലേക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കാനും അനുമതി നൽകിയിരുന്നു.

R.M.S.A പദ്ധതി പ്രകാരം 5 ഹൈസ്കൂൾ അദ്ധ്യാപകർ 1 ഹെഡ്മാസ്ററർ എന്നീ തസ്തികകൾക്കു മാത്രമാണ് കേന്ദ്ര സർക്കാർ ശമ്പള ഇനത്തിൽ തുക അനുവദിച്ചു നൽകുന്നത്. കൂടാതെ ഓഫീസ് അറ്റൻഡന്റ്, ക്ലറിക്കൽ തസ്തികകൾക്കുള്ള ശമ്പളവും കേന്ദ്ര സർക്കാർ ഇപ്പോൾ അനുവദിച്ചു നൽകുന്നില്ല. R.M.S.A സ്കൂളുകളിൽ നിയമനം ലഭിക്കുന്ന അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ശമ്പളം ലഭിക്കാത്തതും അധിക ഡിവിഷനുകളിൽ കെ.ഇ.ആർ പ്രകാരമുള്ള അദ്ധ്യാപകരില്ലാത്തതിനാൽ കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങുന്നതടക്കമുള്ള നിരവധി ആക്ഷേപങ്ങൾ സർക്കാരിനു മുമ്പാകെ ലഭിക്കുകയുണ്ടായി.

മേൽ സാഹചര്യങ്ങളിൽ ധനകാര്യവകുപ്പ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ R.M.S.A സ്കൂളുകളിലെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുവാനായി 20/11/15 ന് ഒരു യോഗം വിളിച്ചുകൂട്ടി യോഗത്തിൽ R.M.S.A സ്കൂളുകളെല്ലാം തന്നെ സർക്കാർ സ്കൂളുകളായതിനാലും അവിടെ നിയമിക്കുന്ന അദ്ധ്യാപകരെ പി.എസ്.സി.യിൽ നിന്നുമാത്രം നിയമികുന്നു എന്നതിനാലും ടി വിദ്യാലയങ്ങളിൽ KER Pattern അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കേണ്ടതാണെന്നും സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകർക്ക് ലഭിക്കുന്ന രീതിയിൽ ശമ്പളം SPARK മുഖേന ലഭ്യമാക്കേണ്ടതാണെന്നും ഹൈസ്കൂളിലേയ്ക്ക് ഹെഡ്മാസ്റ്റർ തസ്തിക ഉള്ളതിനാൽ യു.പി.സ്കൂളുകളിൽ നിലനിൽക്കുന്ന ഹെഡ്മാസ്റ്റർ തസ്തിക നിർത്തലാക്കേണ്ടതാണെന്നും തീരുമാനിക്കുകയുണ്ടായി. തുടർന്ന് ഈ വിഷയം സർക്കാർ സമഗ്രമായി പരിശോധിച്ചു. 2010-11 മുതൽ R.M.S.A പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈസ്കൂളുകളാക്കി ഉയർത്തിയ എല്ലാ സ്കൂളുകളും (60+36+16=112) സർക്കാർ സ്കൂളുകളായി (R.M.S.A സഹായത്തോടെയുള്ള) പുന:നാമകരണം ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു. R.M.S.A പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര സർക്കാർ അംഗീകാരം ലഭിക്കാത്ത സംസ്ഥാന സർക്കാർ ചെലവിൽ ഹൈസ്കൂൾ വിഭാഗം ആരംഭിച്ച 30 സ്കൂളുകളെ സർക്കാർ സ്കൂളുകളായിതന്നെ കണക്കാക്കുന്നതാണ്. പ്രസ്തുത സ്കൂളുകളിലേക്കാവശ്യമായ അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സർക്കാർ സ്കൂളിലേതുപോലെ തന്നെ പരിഗണിച്ച് സ്റ്റാഫ് ഫിക്സേഷൻ നടത്തി സ്ഥലം മാറ്റവും നിയമനവും നടത്തേണ്ടതാണ്. ഈ സ്കൂളുകൾ ഹൈസ്കൂളുകളായി ഉയർത്തിയതിനെ തുടർന്ന് യു.പി.സ്കൂളുകളിൽ നിലനിന്നിരുന്ന ഹെഡ്മാസ്റ്റർ തസ്തിക നിർത്തലാക്കിയും ഉത്തരവാകുന്നു. ഇത്തരത്തിൽ നിർത്തലാക്കിയ തസ്തികകളിൽ സേവനം അനുഷ്ഠിച്ചുവരുന്ന ഹെഡ്മാസ്റ്റർമാർക്ക്പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉടനടി പുനർനിയമനം നൽകേണ്ടതാണ്. RMSA പദ്ധതിയിൽ ഉൾപ്പെടുത്തി

കേന്ദ്ര സർക്കാർ അംഗീകാരത്തോടെ ഹൈസ്കൂളുകളായി ഉയർത്തിയ സ്കൂളുകൾക്ക് കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാകുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ RMSA സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാർ ഖജനാവിലേക്ക് ഒടുക്കേണ്ടതാണ്. പ്രസ്തുത സ്കൂളുകളിലേക്ക് ആവശ്യമായ അധിക തുക സംസ്ഥാന ബഡ്ജറ്റിൽ നിന്നും വഹിക്കുന്നതുമാണ്.

മേൽ പരാമർശിച്ചിട്ടുള്ള ഭേദഗതികളോടെ ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ. പി. എം. മുഹമ്മദ് ഹനീഷ്, ഐ. എ. എസ്
സെക്രട്ടറി.

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ർ എസ്.എസ്.എ, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ , ആർ.എം.എസ്.എ., തിരുവനന്തപുര
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആൻറ് ഇ), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.റ്റി @ സ്കൂൾ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പബ്ലിക് റിലേഷൻ വകുപ്പ് (പത്രങ്ങളിലൂടെയുള്ള വിപുലമായ പ്രചരണത്തിനായി)
ധനകാര്യവകുപ്പ്
വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും/ സെക്ഷനുകൾക്കും
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.